| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1974 | | 16/02/2016 ൽ മറുപടിക്ക് | |
| ബാർ കോഴ കേസ് വിജിലൻസ് കോടതി ഉത്തരവിനെതിരെ അപ്പീൽ | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.സാജു പോൾ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | ബാർ കോഴ കേസിൽ തുടരന്വേഷണം നടത്തുവാൻ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 29.10.2015-ലെ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ വിജിലൻസ് അപ്പീലിന് പോകുന്നതിന് ആരുടെ അനുമതി വാങ്ങിച്ചിരുന്നു എന്നു വ്യക്തമാക്കുമോ; | (എ) യും (ബി) യും | ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ 29/10/2015 ലെ ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യണമെന്ന വിജിലൻസ് ഡയറക്ടറുടെ ശുപാർശ പരിശോധിച്ച് ക്രിമിനൽ എം.സി അല്ലായെങ്കിൽ യോജ്യമായ റിട്ട് ഫയൽ ചെയ്യുന്നതിന് വിജിലൻസ് ഡയറക്ടർക്ക് സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മുഖ്യമന്ത്രി, ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി, നിയമമന്ത്രി, നിയമ വകുപ്പ് സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ അനുമതി വാങ്ങിച്ചതിനുശേഷമാണോ വിജിലൻസ് ഹൈക്കോടതിയിൽ അപ്പീലിന് പോയത് എന്നു വ്യക്തമാക്കുമോ; | | |
| (സി) | ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകൻ ശ്രീ.കപിൽ സിബൽ ഹാജരായതിന് ഫീസിനത്തിൽ എത്ര രൂപ നൽകി എന്നു വ്യക്തമാക്കുമോ? | (സി) യും (ഡി) യും | ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ ശ്രീ.കപിൽ സിബൽ ഹാജരായത് അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശ പ്രകാരമാണ്. ഫീസിനത്തിൽ നാളിതുവരെ തുകയൊന്നും നൽകിയിട്ടില്ല. |
| (ഡി) | ബാർ കോഴ കേസിൽ തിരുവനന്തപുരം വിജിലൻസ് കോടതിയുടെ തുടരന്വേഷണ വിധിക്കെതിരെ ഹൈക്കോടതിയിൽ വിജിലൻസിനുവേണ്ടി സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകനായ അദ്ദേഹം ഹാജരായത് ആരുടെ നിർദ്ദേശപ്രകാരമാണ് എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ